# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5462
## 02/11/2016-ൽ മറുപടി നൽകേണ്ടത്

**ക്ഷേമ പെൻഷനുകൾക്ക് അപേക്ഷിക്കുന്നതിന് നിയന്ത്രണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം | ഡോ. ടി.എം.തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ക്ഷേമനിധികളിൽ അംഗങ്ങളായി വിഹിതം അടയ്ക്കുകയും കാലാവധി എത്തുമ്പോൾ പെൻഷൻ ലഭിച്ചുവരികയും ചെയ്യുന്നവർക്ക് ക്ഷേമ പെൻഷനുകൾക്ക് അപേക്ഷിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ;വ്യക്തമാക്കുമോ; | ഇല്ല.<br>എന്നാൽ 15.08.2016 ലെ ജി.ഒ.(എം.എസ്) നം.324/2016/ധന നമ്പർ ഉത്തരവ് പ്രകാരം ക്ഷേമനിധിബോർഡുകളുടെ സ്വന്തം ഫണ്ടിൽനിന്നും പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഏതെങ്കിലും ഒന്നിനുകൂടി അർഹതയുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന പെൻഷന്റെ കേന്ദ്രവിഹിതം മാത്രമേ ഗുണഭോക്താക്കൾക്ക് ലഭിക്കുകയുള്ളൂ. |
| (ബി) | ഒരേ സമയം രണ്ടുതരം പെൻഷനുകൾ വാങ്ങരുതെന്ന വ്യവസ്ഥ ഇത്തരക്കാരുടെ കാര്യത്തിൽ നിലവിലുണ്ടോ; വിശദമാക്കാമോ? | ഉണ്ട്.<br>നിലവിലെ നിയമമനുസരിച്ച് ഏതെങ്കിലും ഒരു ക്ഷേമനിധിയിൽ മാത്രമേ ഒരാൾക്ക് അംഗത്വം പാടുള്ളൂ. സർക്കാർ വിഹിതം ഉപയോഗിച്ച് പെൻഷൻ അനുവദിക്കുന്ന ക്ഷേമനിധിബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ